# അത്ഭുത പ്രവർത്തകനായ മോർ മീനാ

## St. Mina the Miracleworker (303 AD)

**പു**രാതന അലക്സാന്ദ്രിയൻ പട്ടണമായ നിക്കിയോസിലാണ് വി. മീനാ ജനിച്ചത്. വളരെ ബാല്യത്തിൽ തന്നെ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. അദ്ദേഹം കർത്താവിനുവേണ്ടി തന്റെ എല്ലാ സുഖ സൗകര്യങ്ങളും ഉപേക്ഷിച്ചു. അദ്ദേഹത്തിന്റെ പിന്നീടുള്ള ജീവിതത്തെ സംബന്ധിച്ച് രണ്ടു പാരമ്പര്യങ്ങളാണ് നിലവിലുള്ളത്.

അന്ത്യോഖ്യായുടെ അഭിമാനമായ വി. സേവേറിയോസ് പാത്രിയർക്കീസ് ബാവായുടെ ഗ്രന്ഥങ്ങളിൽ വി. മീനാ, നിക്കിയോസ് പട്ടണത്തിൽ ജീവിക്കുകയും, നല്ല ക്രിസ്തീയ സാക്ഷിത്വത്തിൽ ജിവിച്ച അദ്ദേഹം എഡി. 303ൽ ഫ്രിജിയായിൽ കോത്താഫിയ പട്ടണത്തിൽ വച്ച് രക്തസാക്ഷിയായെന്നാണ്. അദ്ദേഹത്തിന്റെ മരണ ശേഷം ധാരാളം അത്ഭുതങ്ങൾ തന്റെ മദ്ധ്യസ്ഥതയിൽ സംഭവിച്ചതായും സേവേറിയോസ് ബാവാ രേഖപ്പെടുത്തുന്നു.

പാശ്ചാത്യ പാരമ്പര്യങ്ങളിൽ വി. മീനാ ചെറുപ്രായത്തിൽ വിശ്വാസം സ്വീകരിക്കുകയും തുടർന്ന് ഫ്രിജിയായിൽ വരുകയും ചെയ്തു. അവിടെ സൈന്യത്തിൽ പട്ടാളക്കാരനായി ജോലിയിൽ പ്രവേശിച്ചു. ഈ സമയത്താണ് ഡയക്ലീഷ്യൻ ചക്രവർത്തി ക്രൈസ്തവ ഭടന്മാരെ പിടികൂടി വിഗ്രഹാരാധനയ്ക്ക് പ്രേരിപ്പിച്ചത്. ധാരാളം വിശ്വാസികളായ ഭടന്മാർ മരണം പേടിച്ച് സത്യവിശ്വാസം ത്യജിച്ചപ്പോൾ വി. മീനാ വിശ്വാസത്തിനായി നിലകൊണ്ടു.

ഡയക്ലീഷ്യന്റെ ക്രൂരമായ പീഡനങ്ങൾക്കൊന്നും വിശുദ്ധന്റെ വിശ്വാസത്തെ തകർക്കുവാൻ സാധിച്ചില്ല. അവസാനം പരാജിതനായ ഭരണാധികാരി വി. മീനായെ കൊലപ്പെടുത്തുവാൻ കൽപിച്ചു. അതിൻ പ്രകാരം 303 എ.ഡി. നവംബർ 11ന് വി. മീനാ രക്തസാക്ഷി മകുടം ചൂടി. ക്വട്ടിയാലം (Cotyalum) എന്ന സ്ഥലത്താണ് അദ്ദേഹം കൊല്ലപ്പെട്ടത് എന്ന് കരുതപ്പെടുന്നു. വിശ്വാസികൾ അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ ഏറ്റുവാങ്ങി ജന്മസ്ഥലമായ ഈജിപ്റ്റിൽ കൊണ്ടു പോവുകയും അവിടെ സംസ്കരിക്കുകയും ചെയ്തു.

സാധാരണയായി വി. മീനായുടെ ചിത്രം (Icon) വരയ്ക്കുമ്പോൾ രണ്ട് ഒട്ടകങ്ങളുടെ ചിത്രം കൂടി അദ്ദേഹത്തിന്റെ പാർശ്വങ്ങളിലായി ചിത്രീകരിക്കാറുണ്ട്. ഒരു പക്ഷെ മരുഭൂമിയിലെ കച്ചവട സമൂഹവുമായി ബന്ധപ്പെടുത്തിയുള്ള ചില കഥകളാണ് (Legends) ഇതിനു പിന്നിലെന്ന് കരുതപ്പെടുന്നു. മാററിയോത്തിസ് (Mateotis) നദിയുടെയും അലക്സാന്ദ്രിയയുടെയും തെക്ക് പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ലിബിയൻ മരുഭൂമിയുടെ അറ്റത്തായി കരാം അബുമിന (Karm Abu Mina) എന്ന പ്രദേശത്ത് വി. മീനായുമായി ബന്ധപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമുണ്ട്. തകർന്നടിഞ്ഞ ഒരു പള്ളിയുടെ അവശിഷ്ടങ്ങൾ മാത്രമാണ ഇന്ന് അവിടെയുള്ളതെങ്കിലും വിശുദ്ധന്റെ സജീവ സാന്നിധ്യം ആ പ്രദേശത്ത് വ്യാപരിക്കുന്നുണ്ട്. അതോടൊപ്പം വിശുദ്ധന്റെ നാമത്തിലുള്ള തീർത്ഥജലം സർവ്വരോഗ നിവാരിണിയായി കരുതപ്പെടുന്നു.

മരുഭൂമിയിലെ കച്ചവടക്കാരുടേയും വഴിയാത്രക്കാരുടേയും മദ്ധ്യസ്ഥനായി വി. മീനാ കണക്കാക്കപ്പെടുന്നു. ആ വിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയാകട്ടേ!

***Compiled by: Dn. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***